# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4214 24.10.2016 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015 ആയി രജിസ്റ്റർ ചെയ്ത കേസ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികളുണ്ടെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;<br>(ബി) ഏതെല്ലാം സെക്ഷനുകൾ അനുസരിച്ചാണ് ഈ കേസ് രജിസ്റ്റർ ചെയ്തത്; പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന സെക്ഷൻ (പി.ഡി.പി.പി ആക്ട്) ഈ കേസ്സിലെ പ്രതികൾക്കെതിരെ ചാർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര രൂപയുടെ പൊതുമുതൽ നശിപ്പിച്ചതിനാണ് കേസ്സെടുത്തത്; കേസ്സിലെ പ്രതികൾ നശിപ്പിച്ച പൊതുമുതലിന്റെ വിശദാംശം നൽകുമോ;<br>(സി) പി.ഡി.പി.പി ആക്ട് ഈ കേസ്സിൽ ഉണ്ടെങ്കിൽ എത്ര രൂപയുടെ പൊതുമുതലാണോ നശിപ്പിച്ചത് ആ തുക പ്രതികളിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ എവിടെ എത്തി നിൽക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) (ബി) & (സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 236/2015-ന്റെ എഫ്.ഐ.ആർ. പ്രതികോളത്തിൽ ചില പ്രതിപക്ഷ നിയമസഭാംഗങ്ങൾ എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി കേസിലെ എഫ്.ഐ.ആറിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 447, 427 & 34 എന്നീ വകുപ്പുകൾ പ്രകാരവും പൊതുമുതൽ നശീകരണ, തടയൽ നിയമത്തിലെ സെക്ഷൻ 3(1) പ്രകാരവുമാണ് കേസ് എടുത്തിട്ടുള്ളത്. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രതികൾ ഒളിവിൽ പോകാൻ സാദ്ധ്യത ഇല്ലെന്ന് ഉത്തമബോദ്ധ്യമുള്ളതിനാലും പ്രതികളുടെ സാന്നിദ്ധ്യത്തിൽ തെളിവുകൾ ശേഖരിക്കേണ്ട ആവശ്യകത ഇല്ലാത്തതിനാലും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ) | ഈ കേസ്സിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും പ്രതി ABSCONDING ആണെന്ന് പ്രസ്തുത ചാർജ്ജ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി ബഹു.തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ 23.03.2016-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കുറ്റപത്രത്തിൽ പ്രതികൾ ആരെയും ABSCONDING ആയി രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.